# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1869** | **22.01.2014- ലെ മറുപടിക്ക്**

**കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഓഫ് ഡെവലപ്മെന്റ് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. എ. മാധവൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഓഫ് ഡെവലപ്മെന്റ് കമ്പനി രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി) | വിരമിച്ച ഉദ്യോഗസ്ഥരുടെ വൈദഗ്ദ്ധ്യം വിവിധ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉപയോഗിച്ച് കേരള വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുക എന്നതാണ് "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഫോർ ഡെവലപ്പ്മെന്റ്" എന്ന കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | വിരമിച്ച ഉദ്യോഗസ്ഥരുടെ വിദഗ്ദ്ധ സേവനം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സി.ആർ.ഇ.ഡി എന്ന കമ്പനി രൂപീകരിച്ച് അവരുടെ വിദഗ്ദ്ധ സേവനം കേരളത്തിന്റെ വിവിധ വികസന മേഖലകളിൽ ഉപയോഗപ്പെടുത്തുന്നതാണ്. കേന്ദ്ര/ സംസ്ഥാന സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, സ്വകാര്യമേഖല, സർക്കാരിതരസംഘടനകൾ വീട്ടുകാര്യങ്ങൾ |

(ഗൃഹപരിപാലനം) തുടങ്ങി ഏതു മേഖലയിലും അവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. പുതിയ മേഖലകളിലെ സാദ്ധ്യതകളും നവീന ആശയങ്ങളും കണ്ടെത്തി അതിൽ ഇടപെടുക വഴി സേവനമേഖല കൂടുതൽ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

| | |
|---|---|
| **(ഡി)** കമ്പനിയുടെ പ്രവർത്തനത്തിന് എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | **(ഡി)** കമ്പനി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.